**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5526** **03-11-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് മൂന്നാം തരംഗം ലഘൂകരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് രോഗവ്യാപനത്തിന്റെ മൂന്നാം തരംഗത്തിന്റെ പ്രത്യാഘാതം ലഘൂകരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | (എ) | കോവിഡ് 19 രോഗവ്യാപനത്തിന്റെ മൂന്നാം തരംഗത്തിന്റെ പ്രത്യാഘാതം ലഘൂകരിക്കുന്നതിന് വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോവിഡ് റിപ്പോർട്ട് ചെയ്ത നാൾ മുതൽ തന്നെ ചെയ്തുവരുന്ന ടെസ്റ്റിംഗ്, ട്രാക്കിംഗ്, ട്രീറ്റ്മെന്റ് എന്നിവ ശക്തമാക്കുന്നു. കൂടാതെ ഈ പ്രവർത്തനങ്ങൾ ഇനിയും ഊർജ്ജിതമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് പരമാവധി ആളുകൾക്ക് വാക്സിനേഷൻ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മൂന്നാം തരംഗത്തെ മുൻകൂട്ടിക്കണ്ട്കൂടുതൽ ഓക്സിജൻ ബെഡുകൾ, വെന്റിലേറ്ററുകൾ, ICU സൗകര്യം എന്നിവ സജ്ജീകരിച്ചു. ആവശ്യമെങ്കിൽ പ്രത്യേകമായുള്ള കോവിഡ് ആശുപത്രികൾ ആരംഭിച്ചും, നിലവിലുള്ള കോവിഡ് ആശുപത്രികളിലെ സൗകര്യം വർദ്ധിപ്പിച്ചും വിദഗ്ധ ചികിത്സ ഉറപ്പുവരുത്തി വരുന്നു. ഓക്സിജൻ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി അധികമായി ഓക്സിജൻ പ്ലാന്റുകൾ, ഓക്സിജൻ പൈപ്പ് ലൈനുകൾ, ഓക്സിജൻ സിലിണ്ടറുകൾ എന്നിവ സജ്ജീകരിക്കുന്നതിന് വേണ്ട നടപടികൾ പൂർത്തീകരിച്ചു വരുന്നു. ഓക്സിജൻ വാർറൂമുകളും ഓഡിറ്റ് സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. കോവിഡ് ചികിത്സയ്ക്ക് ആവശ്യമായ മരുന്നുകളുടെയും ഉപകരണങ്ങളുടെയും ലഭ്യത കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖാന്തിരം ഉറപ്പു വരുത്തിയിട്ടുണ്ട്. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി KASP ൽ എംപാനൽ ചെയ്ത രോഗികൾക്കും കോവിഡ് ചികിത്സ 50% ബെഡുകൾ സ്വകാര്യ ആശുപത്രികളിൽ മാറ്റി വെച്ചിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള സ്ഥാപനങ്ങളിൽ പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ വഴി കോവിഡിന് ശേഷമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾക്ക് ചികിത്സ ലഭ്യമാക്കി വരുന്നു. ആരോഗ്യ |

| | | | |
|---|---|---|---|
| | | | പ്രവർത്തകർക്കുള്ള പരിശീലന പരിപാടി നിരന്തരമായി നടത്തി വരുന്നു. കൂടാതെ വാക്സിൻ ലഭ്യത ഉറപ്പുവരുത്തുന്നതിനും പരമാവധി ജനങ്ങളിലേയ്ക്ക് വാക്സിൻ എത്തിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ച് നടപ്പിലാക്കി വരുന്നു. കുട്ടികൾക്കുള്ള ചികിത്സാ സൗകര്യം കൂടുതലായി സജ്ജീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കോവിഡ് -19 വൈറസിന്റെ ജനിതകമാറ്റം വന്ന വകഭേദങ്ങൾ കണ്ടെത്തുന്നതിന് ജീനോമിക് സീക്വൻസിംഗ് നടത്തുന്നതിന് വേണ്ട സജ്ജീകരണങ്ങൾ IGIB വഴിയും RGCB വഴിയും ഏർപ്പെടുത്തിയിട്ടുണ്ട്. കോവിഡ് രോഗവ്യാപനത്തിന്റെ മൂന്നാം തരംഗത്തിന്റെ പ്രത്യാഘാതം ലഘൂകരിക്കുന്നതിന് എമർജൻസി കോവിഡ് റെസ്പോൺസ് ഫേസ് - 2 പ്രകാരം നടപ്പ് സാമ്പത്തിക വർഷം ദേശീയ ആരോഗ്യ ദൗത്യം മുഖേന താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. 1. 42 ബഡുകളുള്ള ശിശു കേന്ദ്രീകൃത കെയർ യൂണിറ്റുകൾ സ്ഥാപിക്കുക (100 ബഡിന് മുകളിലുള്ള 2 ആശുപത്രികളിൽ 30 ഓക്സിജൻ ബഡുകൾ, 12 ഹൈബ്രിഡ് ICU യൂണിറ്റ് ബഡുകൾ) 2. 32 ബഡുകളുള്ള ശിശു കേന്ദ്രീകൃത കെയർ യൂണിറ്റുകൾ ( 100 ബഡും അതിന് താഴെയുള്ള 46 ആശുപത്രികളിൽ) 3. കുട്ടികൾക്കായി സംസ്ഥാനത്ത് ഒരു മികവിന്റെ കേന്ദ്രം തുടങ്ങുക 4. അഡീഷണൽ ബഡുകൾ ഒരുക്കുക (കോവിഡ് ഐസോലേഷൻ വാർഡുകൾ, Non ICU ബഡുകൾ, വെന്റിലേറ്റഡ് ICU ബഡുകൾ ( ഇതിൽ 5 ശതമാനം ICU ബഡുകളും 4 ശതമാനം Non ICU ബഡുകളും  കുട്ടികൾക്കായി)) 5.ഫീൽഡ് ലെവൽ താത്കാലിക ആശുപത്രികൾ ( 100 ബഡും 50 ബഡും ) സ്ഥാപിക്കുക 6 എല്ലാ ജില്ലകളിലും 10 KL ൻറെ Liquid Medical Oxygen tank ഒരുക്കുക. 7. ഹോസ്പിറ്റൽ മാനേജ്മെൻറ് ഇൻഫർമേഷൻ സിസ്റ്റം (e-Sushrut) വിപുലീകരിക്കുക. 8. ടെലി കൺസൽട്ടേഷൻ ഹബ്സ്  വിപുലീകരിക്കുക. 9 അത്യാവശ്യ മരുന്നുകളും ചികിത്സാ സൗകര്യങ്ങളും ഒരുക്കുക 10. MBBS, Nursing അവസാന വർഷ വിദ്യാർത്ഥികളുടെ സേവനം ഉപയോഗിക്കുക. |
| (ബി) | വിദ്യാർത്ഥികൾക്കായി വാക്സിനേഷൻ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും സാർവത്രികമാക്കുന്നതിനും പദ്ധതികൾ ഉണ്ടോ; വ്യക്തമാക്കുമോ; | (ബി) | നിലവിൽ സംസ്ഥാനത്തുടനീളം മതിയായ അളവിൽ കോവിഡ് വാക്സിൻ ലഭ്യമാണ്, ഇതുവരെ 18 വയസ്സിന് മുകളിലുള്ള 94% ഗുണഭോക്താക്കൾ ആദ്യ ഡോസും 49% പേർ രണ്ട് ഡോസുകളും എടുത്തിട്ടുണ്ട്. ഇതുവരെ കോവിഡ് വാക്സിനേഷൻ സ്വീകരിക്കാത്ത ഏതൊരു ഗുണഭോക്താവിനും അടുത്തുള്ള കൊവിഡ് വാക്സിനേഷൻ സെന്ററിൽ |

| | | | |
|---|---|---|---|
| | | | നിന്ന് വാക്സിനേഷൻ എടുക്കാവുന്നതാണ്. 18 വയസ്സിൽ താഴെ പ്രായമുള്ളവർക്ക് കോവിഡ് പ്രതിരോധ കുത്തിവയ്പ്പ് നൽകുന്നതിനുള്ള അനുമതി കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽ നിന്നും ഇതുവരെ ലഭിച്ചിട്ടില്ല. ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | സംസ്ഥാനത്ത് വാക്സിനേഷൻ പൂർത്തിയാക്കാൻ എത്ര ഡോസ് വാക്സിൻ ഇനിയും ആവശ്യമുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; ആയതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) | വാക്സിനേഷൻ ഡ്രൈവ് പൂർത്തിയാക്കാൻ സംസ്ഥാനത്തിന് 13938057 ഡോസുകൾ കൂടി ആവശ്യമായി വരും. നിലവിലെ ദേശീയ കൊവിഡ് വാക്സിനേഷൻ നയം അനുസരിച്ച്, കേന്ദ്ര സർക്കാർ ഈ ഡോസുകൾ സംസ്ഥാനത്തിന് സൗജന്യമായി നൽകും. |
| (ഡി) | അലർജിയും മറ്റ് അസുഖവുമുള്ളവർക്ക് വാക്സിനേഷനായി പ്രത്യേക സംവിധാനമുള്ള ആശുപത്രികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ? | (ഡി) | മറ്റ് അസുഖങ്ങൾ ഉള്ളവർക്ക് മെഡിക്കൽ കോളേജുകളിലോ, മറ്റ് കൂടുതൽ സൗകര്യങ്ങൾ ഉള്ള ആശുപത്രികളിലോ ഡോക്ടറുടെ നിർദ്ദേശം ലഭിച്ചതിന് ശേഷം വാക്സിൻ സ്വീകരിക്കാവുന്നതാണ്. വാക്സിനോടോ, വാക്സിന്റെ ചേരുവകളോടോ അലർജി ഉള്ളവർക്ക് കോവിഡ് വാക്സിൻ നൽകാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ